"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം - കോതമംഗലം സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയം അസിസ്റ്റൻറ് ഡയറക്ടർ തസ്തികയിൽ നിന്നും ശ്രീ.ഷിജാത് ടി.എ.-യെ സർക്കാർ പോളിടെക്നിക്ക് കോളേജ് കളമശ്ശേരിയിൽ മെക്കാനിക്കൽ വിഭാഗം ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് തസ്തികയിലേക്ക് സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.858/2025/HEDN തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.685/2025/ഉ.വി.വ തീയതി 30.05.2025
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 04.06.2025-ലെ DTETVM /2024-EC2 (EC) നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ് തസ്തികയിലെ ഒഴിവുകളിൽ നിയമനം നടത്തി പരാമർശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം SITTTR, കളമശ്ശേരിയിലെ ലക്ചററായ ശ്രീ.ഷിജാത് ടി.എ-യെ കോതമംഗലം സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയം അസിസ്റ്റൻറ് ഡയറക്ടർ തസ്തികയിലേക്ക് നിയമിക്കുകയും ടിയാൻ 30.05.2025 -ൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയം, അസിസ്റ്റൻറ് ഡയറക്ടറായ ശ്രീ.രാജേഷ് ആർ-നെ വിജ്ഞാന കേരളം പദ്ധതിയുടെ എറണാകുളം ജില്ല കോർഡിനേറ്ററായി വർക്കിങ് അറേഞ്ച്മെൻറ് വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നതിനാൽ ടിയാനെ ടി സ്ഥാപനത്തിൽ തന്നെ നിലനിർത്തേണ്ടതായിട്ടുണ്ട് എന്നും ആയതിനാൽ ശ്രീ.ഷിജാത് ടി.എ-യ്ക്ക് സർക്കാർ പോളിടെക്നിക് കോളേജ് കളമശ്ശേരിയിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ പറഞ്ഞ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോതമംഗലം സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയം അസിസ്റ്റൻറ് ഡയറക്ടർ തസ്തികയിൽ നിന്നും ശ്രീ.ഷിജാത് ടി.എ.-യെ (പെൻ നം.255008) സർക്കാർ പോളിടെക്നിക്ക് കോളേജ് കളമശ്ശേരിയിൽ മെക്കാനിക്കൽ വിഭാഗം ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് തസ്തികയിലേക്ക് സ്ഥലംമാറ്റി ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട സ്ഥാപന മേധാവി അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PARVATHY S A

അണ്ടർ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. ഷിജാത് ടി.എ., അസിസ്റ്റന്റ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ മേഖല കാര്യാലയം, കോതമംഗലം

പ്രിൻസിപ്പൽ, സർക്കാർ പോളിടെക്നിക് കോളേജ്, കളമശ്ശേരി (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, കോട്ടയം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Signed by Geetha Lekshmi. G

Date: 04-07-2025 10:54:59

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ